

# ജാലകകാഴ്ചകൾ

## ഡിജിറ്റൽ മാഗസിൻ

2019-20

## ഫാറ്റിമ ഗേൾസ് ഹൈ സ്കൂൾ ഫോർട്ട്കൊച്ചി


സ്വാഗതം

# ആമുഖം

കഥകളും, കവിതകളും, ഫലിതങ്ങളും നമ്മുടെ ജീവിതത്തിനു മേൽ ഒരു പച്ചപ്പ് തീർക്കുന്നു .പുതുവഴി തീർക്കുന്നു . അത് നമ്മെ ചിന്തിപ്പിക്കുന്നു,ചിരിപ്പിക്കുന്നു . ഇവിടെ ഈ കുട്ടിക്കൂട്ടം ഒരുക്കുന്ന ചിന്താശകലങ്ങൾ ഒരു സാധ്യത കണ്ടെത്തുന്നുണ്ട് . അമ്മ ഭാഷയുടെ സാന്നിദ്ധ്യം ജീവിതത്തിൽ സ്നേഹമായി തിരിച്ചറിയുന്നുണ്ട്.

ആഴവും പരപ്പും ഉള്ള വായന ആസ്വാദനത്തിലേക്കും തുടർന്ന് രചനയിലേക്കും നയിക്കും . ആസ്വാദനത്തിന്റെ തലങ്ങൾ വായനയിലൂടെ വർധിപ്പിക്കുവാനും സാഹിത്യവും സാഹിത്യ പ്രവർത്തനങ്ങളും നൂതനമായ എഴുത്തുരീതികളും പരിചയിക്കാനും ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും അവസരം ഒരുക്കുന്ന വേദിയായി ഈ കൈയ്യെഴുത്തു മാസിക മാറുന്നു.

കഥ , കവിത തുടങ്ങിയവ തന്ന് ഈ ഉദ്യമത്തെ ധന്യമാക്കിയ ഏവർക്കുമായി ഈ കൈയ്യെഴുത്തു മാസിക സമർപ്പിക്കുന്നു......

# എഡിറ്റോറിയൽ

വ്യക്തികൾ വ്യത്യസ്തരാണ്. അതുകൊണ്ടുതന്നെ അവരുടെ ഉള്ളിലെ കഴിവുകളും വ്യത്യസ്തമാണ്. ഒരോരുത്തരുടെയും ഉള്ളിലെ കഴിവുകളെ കോർത്തിണക്കിക്കൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാവുന്നു. ഇതിലെ എല്ലാ വിഭവങ്ങളും പുതിയ ആസ്വാദകർക്കായി സമർപ്പിക്കട്ടെ.....

എന്ന്

എഡിറ്റർ

ലിഡിയ ടോം




# എഡിറ്റോറിയൽ ബോർഡ്



**Lydia Tom**



**Harsha P.A**



**Swetha Thomas**



**Aliya K.A**

# ആശംസ



പ്രിയ ഭാവന മലരുകളെ,

ഭാവി ശില്പികളെ , ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ സാഹിത്യ സൃഷ്ടിക്കായുള്ള സുവർണ്ണാവസരമാണ് .

ശലഭങ്ങളെ പോലെ ആനന്ദം നല്കി കൊണ്ട്, പക്ഷികളെ പോലെ സ്വാതന്ത്ര്യം ആസ്വദിച്ചു കൊണ്ട്, മേഘങ്ങളെ പോലെ അനുഗ്രഹം വർഷിച്ചു കൊണ്ട് , മാതൃവിദ്യാലയത്തെ ധന്യമാക്കു-വാൻ ഈ മാഗസിനിലൂടെ നിങ്ങൾക്ക് കഴിഞ്ഞെന്ന് വിശ്വസിക്കുന്നു.

സർഗാത്മക ഭാവങ്ങൾ കൊണ്ട് മനോ-ഹരമായി അണിയിച്ചൊരുക്കിയ ഈ സൗപർണ്ണിക-യിലൂടെ നിങ്ങളുടെ മനസ്സുകളിൽ ഒളിഞ്ഞു കിടക്കുന്ന സാഹിത്യാഭിരുചിക്ക് ഒരായിരം ചിറകുകൾ ഉണ്ടായി-രിക്കട്ടെ എന്ന് ആശംസിച്ച് കൊണ്ട് ഇതിന്റെയെല്ലാം മഹത്വത്തിന് നിദാനമായ ദൈവത്തിന് നന്ദി പറയുന്നു.

സിസ്റ്റർ. സിജി. വി. ടി

ഹെഡ്മിസ്ട്രസ്

# ആശംസ

സംഘർഷങ്ങളും മത്സരങ്ങളും കൊണ്ട് സങ്കീർണ്ണമായ ഇന്നത്തെ സമൂഹത്തിൽ മനുഷ്യജീവിതത്തിന് ആശ്വാസം പകരാൻ സാഹിത്യവും സാഹിത്യരചനകളും നിർണ്ണായക പങ്കുവഹിക്കുന്നു. നാളത്തെ തലമുറയുടെ വ്യക്തിത്വത്തിന് അടിതറയിടുന്ന സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ ഇത്തരം കൈയെഴുത്തുമാസികകൾ പ്രോത്സാഹനം നൽകുന്നു. നാളെയുടെ വാഗ്ദാനങ്ങളായ നിങ്ങളെ സാംസ്കാരിക കേരളം പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു. ഈ മാസികയ്ക്ക് ഒരിക്കൽ കൂടി എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

കനോസ റോസ് പി.എക്സ്
അധ്യാപിക

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

സ്കൂളിലെ Little Kites എന്ന IT കൂട്ടായ്മയിലൂടെ വിവരസാങ്കേതിക വിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാനുള്ള വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിവരുന്നു. 2018-ൽ ആരംഭിച്ച യൂണിറ്റിൽ ഇതിനകം മൂന്ന് ബാച്ചുകൾ പ്രവർത്തിച്ച് വരുന്നു. എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം 4 മുതൽ 5 മണിവരെ Little Kites അംഗങ്ങൾക്ക് വിവിധങ്ങളായ പ്രായോഗിക പരിശീലനം ഉൾപ്പെടുത്തിയിരിക്കുന്നു . Graphics and Animation, Scratch Programming, Python Programming, Malayalam Computing, Mobile App നിർമ്മാണം, Robotics, എന്നീ മേഖലകളിലാണ് പരിശീലനം നൽകുന്നത്.

ഈ വർഷത്തെ ഒമ്പതാം ക്ലാസ്സ് ലിറ്റിൽ കൈറ്റ്സ് കുട്ടികളെ പ്രിലിമിനറി ക്യാമ്പ്, സ്കൂൾ ക്യാമ്പ്,സബ്ജില്ലാ ക്യാമ്പ് എന്നിവയിൽ പങ്കെടുപ്പിച്ചു. ക്ലബിന്റെ ആഭിമുഖ്യത്തിൽ Digital Magazine ,Digital പൂക്കളമത്സരം എന്നിവ നടത്തി. Smart Phone ഉപയോഗിച്ച് കുട്ടികളെ പഠനത്തിൽ സഹായിക്കാൻ അമ്മമാരെ smart ആക്കുന്നതിന് Little Kites മാതൃശാക്തീകരണം പരിപാടി നടത്തുകയുണ്ടായി. QR code, Samagra Learning Portal,Digital Learning Resources,Cyber Safety എന്നിവയെക്കുറിച്ച് അവബോധം നൽകി.

## ഉള്ളടക്കം

.....8
നക്ഷത്രമത്സ്യത്തിന്റെ നന്മ.....12
കൂട്ടുകാരൻ.....14
സംശയം.....15
ആകാശം.....16
ഐക്യഗാഥ.....17
പ്രകൃതിഭംഗി.....18
മഹത് വചനങ്ങൾ.....19
ഇരുട്ടിൽ ശോഭിച്ച നക്ഷത്രമേ.....20
എന്റെ വിദ്യാലയം.....21
വാർമഴവില്ലെ.....22
അഭിനയം.....23
നാക്കുളുക്കി.....25
വേഗത്തിൽ ചൊല്ലാമോ?.....28
കുരുവികൾ.....29
വിജയമെന്ന പടിവാതിൽ.....31
കിട്ടുവിന്റെ പുസ്തകം.....32
അമ്മിണിക്കുട്ടി.....35
അഹങ്കാരംമാറി.....37
.....37
കാട്ടിലെ ശക്തനാണ് ജില്ലൻ പുലി. വലിയ മൃഗങ്ങ-.....37
പൂവ്.....39
PROVERB.....*43*
WAY TO BE.....44
INSPIRATIONAL PERSONS.....46
FUN WITH RIDDLES.....51
The Wonder.....52
What I Am.....53
Little Boy Blue.....54
Splendour of Nature.....57
My Father.....58
ഓണാഘോഷം.....79


മലയാളം

# നക്ഷത്രമത്സ്യത്തിന്റെ നന്മ

നല്ലവനായ ഒരു നക്ഷത്ര മത്സ്യമായിരുന്നു നിച്ചു. എന്നാൽ പ്രിറ്റി മീനിന് നിച്ചുവിനെ തീരെ ഇഷ്ടമില്ലായിരുന്നു. തരം കിട്ടിയാൽ അവൾ നിച്ചുവിനെ ഉപദ്രവിക്കാനും കളിയാക്കാനും ശ്രമിക്കും.

ഒരു ദിവസം കടലിലൂടെ നീന്തിക്കടക്കവേ നിച്ചു ഒരു നിലവിളി കേട്ടു നോക്കുമ്പോൾ അതാ പ്രിറ്റി മീൻ ഒരു ചൂണ്ടയിൽ കുരുങ്ങികിടന്ന് കരയുന്നു

'ഹയ്യയ്യോ! പ്രിറ്റിയെ എങ്ങനെയുംരക്ഷിക്കണം' നിച്ചു വേഗം പ്രിറ്റിയുടെ അരികിലെത്തി. എന്നിട്ട് വളരെ കഷ്ടപ്പെട്ട് ചൂണ്ടക്കൊളുത്ത് പ്രിറ്റിയുടെ വായിൽ നിന്ന് എടുത്തു പക്ഷെ ആ ചൂണ്ട നിച്ചുവിന്റെ ദേഹത്ത് കുരുങ്ങി രക്ഷപ്പെടാനുള്ള വെപ്രാളത്തിൽ പാവം നിച്ചുവിന്റെ ഒരു കൈമുറിഞ്ഞുപോയി.

"ഹയോ"...നിച്ചു വേദനകൊണ്ട് പിടഞ്ഞു പ്രിറ്റിമീൻ നിച്ചുവരികിലെത്തി തന്നെ രക്ഷിച്ചു. നിച്ചുവിന്റെ അവസഥ കണ്ട് അവളും കരയാൻ തുടങ്ങി. പെട്ടന്ന് കടൽ ദേവത അവിടെ പ്രത്യക്ഷപ്പെട്ടു. നിച്ചു കൂട്ടത്തിൽ പെട്ട നക്ഷത്രമത്സ്യത്തിന് കൈകൾ നഷ്ട്മായാൽ അവ വീണ്ടും ഉണ്ടായി വരും. അതും പറഞ്ഞ് ദേവൻ മറഞ്ഞു. പെട്ടന്ന് അവന്റെ കൈതിരികെ വന്നു നിച്ചുവും പ്രിറ്റിയും സന്തോഷം കൊണ്ട് തുള്ളിചാടി.

ദിയ ഫാത്തിമ പി. എ

VIII. C

# കൂട്ടുകാരൻ

കുട്ടുകൂടാനായെന്റെ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റകിളി.....
കാറ്റിനോട്ടു കഥ മെനഞ്ഞും
കടലിനോട്ടു കളി പറഞ്ഞും
കാടായകാടെല്ലാം,മേടായ
മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മ



അങ്കില ഗിരി
IX. C

# സംശയം

സംശയമുണ്ടോ എന്ന
സംശയത്തോടെ ചോദിച്ചാൽ
സംശയമില്ല എന്ന്
സംശയത്തോടെ പറയാം
പക്ഷെ സംശയം
സംശയമായി
സംശയിക്കപ്പെട്ടുമോ എന്നതാണ്
എന്റെ ഒരു സംശയം
ഇത് സംശയമാണോ
എന്ന് മറ്റൊരു സംശയം

ഹർഷ പി.എ
IX. B

# ആകാശം

ആകാശം വെള്ളി തിളങ്ങുന്നതു പോലെ
എൻ മിഴി അടയ്ക്കാതെ എൻ
ചിത്തം കാതോർത്തു വണങ്ങീടുന്നു
ആകാശം മിന്നും ആകാശം മിന്നും......
മിന്നും നക്ഷത്ര താരകൾ
രാവിൻ തുണ പോൽ
എൻ കൺ ചിമ്മുന്ന നേരം
നീ വന്നീടണേ താരവേ നീ.....
പകലേ.......നിന്റെ താരകൾ
എൻ കൺ മിഴി അടയ്ക്കാതെ
എൻ മിഴി ചിമ്മാതെ തുണയേകണെ
താരകളെ താരകളെ താരക പൂമുത്തേ(2)



ബെനീറ്റ ടോണി
X. E

# ഐക്യഗാഥ

ഇമ്മരത്തോപ്പിലെത്തൈമണി കാറ്റിന്റെ
മർമ്മര വാക്യത്തിനർഥമെന്തോ?
എന്നയൽക്കാരനിൽ നിന്നു ഞാൻ ദീന്നന-
ല്ലെന്നങ്ങു നിന്നിതു വന്നുരയ്പ്പൂ.
മാനത്തു വട്ടത്തിൽ സാരമെന്തോ?
എന്നയൽ നാട്ടിൽ നിന്നെൻ നാടു വേറെയ-
ലെന്നതു രണ്ടും കണ്ടോതിടുന്നു.
തൻ തിരമാല തന്നൊച്ചയാലിയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു?
വ്യോമത്തിൽ നിന്നിടിദുന്ദുഭികൊട്ടിയി-
താർമുകിലെന്തോന്നു ഗർജിക്കുന്നു?
രണ്ടല്ല നാകവുമൂഴിയുമെന്നതു
രണ്ടിനും മധ്യത്തിൽ നിന്നുരയ്പ്പൂ.

അലീഷ
X. E

# പ്രകൃതിഭംഗി

എന്നോടടുത്തുവാ എൻ
പ്രകൃതി ഭംഗിയേ.....
എന്റെ മനസ്സിനടുത്തുള്ള
വർണ്ണ ഭംഗിയേ.....
ഭൂമിയിലെ ഭംഗിയേറിയ
ചിത്രശലഭമേ.....
നീ കാരണം ഞാനിവിടെ നിൽപ്പൂ
എൻ പ്രകൃതി ഭംഗിയെ
ചിത്രശലഭത്തിൻ കൂട്ടത്തിന്റെ
ചിറകിനേക്കാൾ വർണ്ണഭംഗി
നീ എൻ പ്രകൃതി ഭംഗിയേ
ശ്വസിക്കും വായുവിൻ കൂടാരമെ
ജീവികൾക്കിടയിൽ ജീവനാണു നീ
എൻ ശ്വാസം നിന്റേത് മാത്രമേ.....

റാണിയ

X.E

# മഹത് വചനങ്ങൾ

- "നിങ്ങളെകൊണ്ട് കഴിയും എന്ന് ചിന്തച്ചാലും കഴിയില്ല എന്ന് ചിന്തിച്ചാലുംശരിയാണ് കാരണം നിങ്ങൾ എന്താണൊ ചിന്തിക്കുന്നത്



അത് നിങ്ങൾ ആയിതീരും"

**-ഹെന്റി**



- "നമ്മുടെ ജീവിതമെന്നത് നമ്മുടെ മനസ്സിന്റെ സൃഷ്ടിയാണ് "

**-ശ്രീബുദ്ധന്**

- "വിജയം ആസ്വാദകരമാണെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്"



**-അബ്ദുൽ കലാം**

# ഇരുട്ടിൽ ശോഭിച്ച നക്ഷത്രമേ

ഞാനറിഞ്ഞില്ല  നിൻ വെൺനിറം
നീ  വിളങ്ങിയതെൻ ജീവിതത്തിൽ
ഇരുട്ടിൽ മിന്നും താരമായി
നീയേകി ഒരായിരം വെളിച്ചം
മറഞ്ഞിരിപ്പതെന്തിനു നീ
നിൻ സാന്നിധ്യം എത്രയോ മഹത്തരം
എൻ ഉള്ളം നിൻ സ്നേഹത്താൽ സമൃദ്ധം
നിറച്ചിരുന്നു അതിൽ അത്രയോളം പ്രകാശം
ഇരുട്ടിൽ അന്ധത നീക്കി
നിൻ നയനങ്ങൾ പകർന്നു തന്നതീ
വിശാലമാം വെൺ ചുമരുകൾ
കാത്തു സൂക്ഷിക്കണം ആ ശുദ്ധി ഞാൻ എന്നും

- റോഷ്ന കെ.ജെ

IX. B

# എന്റെ വിദ്യാലയം

പോകാൻകഴിയുമോ ഇനിയൊരുനാൾ
പള്ളിക്കൂടത്തിൽ എനിക്കാകുമോ
ഇനിയൊരുനാൾ ആകുമോ
അച്ഛനോ കഴിയില്ല പണം തരാൻ
അമ്മയ്ക്കോ കഴിയില്ല ഇനിയെനിക്കാകുമോ
പള്ളിക്കൂടത്തിലെനിക്ക്
കാലുകുത്താനാകുമോ
ദൈവം മാത്രമെൻ തുണ
ദൈവം മാത്രമെൻ തുണ

അഫ്ന മോൾ
X.B



# വാർമഴവില്ലെ

വാർമഴവില്ലെ വന്നാലും
വാനിൽ മടിയിലിരുന്നാലും
കൺകുളിരുന്നു കാണുമ്പോൾ
കരൾ നോവുന്നു മായുമ്പോൾ
ആരു നിനക്കീ നിറമേകി?
ആരു നിനക്കീ നീല നൽകി
എന്നെക്കൂടി വിളിക്കാമോ?
തന്നെയിരുന്നാൽ മുഷിയില്ലേ?
ആരു നിനക്കൊരു കഥ പറയാൻ?
ആരുണ്ടവിടെയൊരിമ്മ തരാൻ?
വന്നു കളിപ്പാൻ കൊതിതോന്നും
നിന്നുടെ കൂടെയിവനെന്നും
വാർമഴവില്ലെ മായല്ലേ!
അഴകിൻ തെല്ലേ പോവല്ലേ

അബ്രിയ
X.A



# അഭിനയം

അക്ഷരമിങ്ങനെ എഴുതുന്നു
പക്ഷികളിങ്ങനെ പറക്കുന്നു
പല്ലുകളിങ്ങനെ തേക്കുന്നു
പമ്പരമിങ്ങനെ എറിയുന്നു
പാലടയിങ്ങനെ തിന്നുന്നു
പീപ്പികളിങ്ങനെ ഊതുന്നു
കൈകളിങ്ങനെ കൂപ്പുന്നു
മെയ്യഴകിങ്ങനെ കാട്ടുന്നു
തൊട്ടിലിങ്ങനെ ആട്ടുന്നു
താമരയിങ്ങനെ കൂമ്പുന്നു
കറ്റകളിങ്ങനെ കൊയ്യുന്നു
മുറ്റമടിക്കുവതിങ്ങനെയും

ആദിത്യ കെ.പി
X. A

# ആസിഫ

നീ എത്ര സുന്ദരം
നിന്റെ കണ്ണുകൾ എത്ര സുന്ദരം
നിന്റെ കാർക്കുന്തൽ എത്ര സുന്ദരം
നിൻ സ്നേഹത്തിൽ വിടർന്ന
അനുരാഗ പുഞ്ചിരിയും
നിന്നിലെ സുഗന്ദത്തെ മതഭ്രാന്തോടെ
വലിച്ചു കീറിയ കാമപ്പിശാചുകൾക്ക്
വിധിക്കൂ ആസിഫ
നിന്റെ രാജ്യത്തിന്റെ നാറിയ ശിക്ഷയേക്കാൾ
കഠിനമായ ശിക്ഷ
ഇത് എന്റെ സഹോദരികൾക്ക് വേണ്ടിയുള്ള
പ്രതിഷേധം

നാജിയ കെ. എ
IX. B



# നാക്കുളുക്കി

- കുട്ടം കുടി കുട്ടാൻ കുട്ടി , കുട്ടാൻ കുട്ടാൻ കുട്ടം കുടി
- പത്തു തത്ത ചത്തു ചത്ത തത്ത പച്ച
- ഉഷേ, യുഷസിലുഷാറോടുണരണം
- ഒരു റോളെരുരുട്ടി റോഡിലിട്ടാൽ
  റോളെരുരുളുമോ റോഡുരുളുമോ
- തച്ചൻ ചത്ത തത്തച്ചി ഒരു തടിച്ചി തത്തച്ചി
- സൈക്കിൾ റാലി പോലൊരു ലോറി റാലി

നാജിയ കെ.എ

VIII.B

# മടി മാറിയെ...

കുഴിമടിയനായ ഒരണ്ണാറക്കണ്ണൻ ആയിരുന്നു ചാച്ചു . അമ്മയണ്ണാൻ കൊണ്ടുവരുന്ന പഴങ്ങൾളും പരിപ്പുകളും കഴിച്ച് മരക്കൊമ്പിലുള്ള മാളത്തിൽ കിടന്നുറങ്ങാനായിരുന്നു അവനിഷ്ടം."ചാച്ചു... ഇനി സ്വന്തമായി തീറ്റ തേടാൻ പഠിക്കണം".അമ്മയണ്ണാൻ പറയും പക്ഷേ,ചാച്ചു കേൾക്കില്ല. ഒരു ദിവസം പഴങ്ങൾ പറിക്കാൻ പോയ അമ്മയണ്ണാൻ കാലുതെറ്റി മരത്തിൽ നിന്ന് വീണു.കൂട്ടുകാരിയായ മീലുമുയൽ അമ്മയണ്ണാനെ തന്റെ മാളത്തിലേക്കു കൊണ്ടു പോയി. "നിന്റെ അമ്മ മീലുമുയലിന്റെ ഒപ്പമുണ്ട്. കാലുവയ്യാത്തതു കൊണ്ട് കുറച്ചു ദിവസങ്ങൾ കഴിഞ്ഞേ വരൂ".കുഞ്ഞിക്കിളി ചാച്ചുവിനോടു വിവരം പറഞ്ഞു. പിറ്റേ ദിവസവും ചാച്ചു മടിപിടിച്ചുകിടന്നു. ഉച്ചയായപ്പോൾ അവനു വിശന്നു . മാളത്തിൽ ഒരു കഷ്ണം പഴം പോലുമില്ല. വിശന്നു പൊരിഞ്ഞ ചാച്ചു മാളം വിട്ടു പുറത്തിറങ്ങി.

അവന് മറ്റൊരു മരത്തിലേക്കു ചാടാനോ പഴങ്ങൾ പറക്കാനോ അറിയില്ലായിരുന്നു . വിശന്നു തളർന്നു പോയ ചാച്ചു കരയാൻ തുടങ്ങി.ചാച്ചുവിന്റെ കരച്ചിൽ കേട്ടു ടോട്ടു അണ്ണാൻ കാര്യം തിരക്കി "ഇന്നു നിനക്കു കഴിക്കാൻ ഉള്ള പഴങ്ങൾ ഞാൻ തരാം . നാളെ നീ എനിക്കൊപ്പം വരണം. മരത്തിലൂടെ ചാടാനും പഴങ്ങൾ പറിക്കാനും ഞാൻ പഠിപ്പിക്കാം " ടോട്ടു പറഞ്ഞു .അങ്ങനെ പിറ്റേന്നു മുതൽ ചാച്ചു ടോട്ടുനിനൊപ്പം പോയി .അമ്മയണ്ണാൻ കാൽ ശരിയായി തിരിച്ചു വന്നപ്പോഴേക്കും ചാച്ചു മടിയെല്ലാം മാറ്റി മിടുക്കനായി .അമ്മയണ്ണാന് സന്തോഷമായി.



അഞ്ജലാ പർവീൺ

IX. B

# വേഗത്തിൽ ചൊല്ലാമോ?

ചെറുപയറ്   - മണിചെറുത്
ചെറുകിണറ് - പിരിചെറുത്
ചെറുകിണറ് - വരിചെറുത്

പേഴിലയേഴില
പേഴേഴിലയോരു
വാഴിയല്ലാവീഴില്ലോ

ഒരുരുള് ഉരുളൻ പരലുരുട്ടി ഉരുളോൽ
വച്ചാലുരുളുരുളുമോ പൊരുലുരുളുമോ

തരയിലറിലുറിയിലുരുളിയിലുരിയെണ്ണ

കാലിന്റെ പെരു വിരലൊരാലിന്റെ വേരിലാരടി

നസ്റിൻ പി.എൻ
IX. B

# കുരുവികൾ

അന്നൊരുമഴയുള്ള ദിവസമായിരുന്നു.  ആ വീട്ടിലെ എല്ലാവരുടെയും ഓമനക്കുട്ടയാണ് മീനു. അവൾക്ക് മഴ വളരെ ഇഷ്ടമാണ്. അന്ന് ജനലിനരികത്തിരുന്ന് മഴ ആസ്വദിക്കുകയായി-രുന്നു അവൾ.ആ സമയം മഴയിൽ നനഞ്ഞ രണ്ടു കുരുവികൾ പറന്നു വരുന്നതു കണ്ടു.അവൾ അതിനെ എടുക്കുവാൻ നോക്കി എന്നാൽ കിളി-
കൾ പേടിച്ചു പോയി.അവൾ അവർക്കായി ഒരു പാത്രത്തിൽ നിറയെ ധാന്യങ്ങൾളുമായി കുരുവികളുടെ അടുത്തേക്കു ചെന്നു.പിന്നെ പിന്നെ അവർ നല്ല കൂട്ടുക്കാരായി. തണുപ്പുക്കാല-
മായപ്പോൾ കുരുവിക്കൾ അവിടെ നിന്നു പറന്നു പോയി.കുരുവികളെ കാണാതെ മീനുട്ടിയ്ക്ക് വളരെയധകം സങ്കടമായി നാളുകൾ കഴിഞ്ഞു അവളുടെ പിറന്നാൾ ദിനം വന്നെത്തി. അവളുടെ സുഹൃത്തുക്കൾ അവൾക്കു സമ്മാനങ്ങൾ നൽകി. അന്നു വൈകിട്ട് അവൾ പുറത്തുപോയി.റോഡരിക്കിൽ നിന്നിരുന്ന

മീനുട്ടിയുടെ അടുത്തേക്ക് പാഞ്ഞുവരുന്ന ലോറയെ അവൾ ശ്രദ്ധച്ചില്ല. ഈ സമയം ആ കുരുവികൾ മീനുട്ടിയുടെ വീട്ടിലെക്ക് തിരിച്ച വരുന്ന സമയത്താണ്അവ ഈ കാഴ്ച്ച കണ്ടത്. ആ കുരുവികൾ ഉടൻ തന്നെ മീനുട്ടിയുടെ അടുത്തെക്കു പോവുകയും ഒച്ചയുടാക്കി അവളെ മാറ്റുകയും ചെയ്തു. മീനു അപ്പോൾ മാത്രമായിരുന്നു ലോറിയെ കണ്ടത്ത് തന്റെ ജീവൻ രക്ഷിച്ച കുരുവികളാണെന്നു മനസ്സിലാക്കുകയും അവരെ തന്റെ കൂടെ കൂട്ടുകയും ചെയ്തു.

സഫാ

IX. B




# വിജയമെന്ന പടിവാതിൽ

ദൈവം സൃഷടിച്ച ഭൂമിയിൽ പലവാതിലുകൾ
എനിക്കായും വാതാലുകൾ
പലതവണ ഞാൻ മുട്ടിനോക്കി
പലതവണ ഞാൻ തള്ളിനോക്കി
ആരും എനിക്കായി തുറന്നില്ല വാതിൽ
ഏകനായ് അലഞ്ഞു ഞാൻ,
നഷ്ടസ്വപ്നങ്ങൾ പേറി വലഞ്ഞു
ഒരുവാതിൽ അടയുമ്പോൾ പലവാതിൽ തുറക്കുമെന്ന
സത്യത്തെ മറന്നു ഞാൻ
ഒരുകയറിലെൻ ജീവിതം അവസാനിപ്പിക്കാൻ
എൻ മുന്നിലായ് ഒരു വാതിൽ തുറന്നു
ആ വാതിലിലൂടെ ഞാൻ അകത്തു കടന്നു
പല വാതിലുകൾ എൻ മുന്നിൽ തുറന്നു
അതിലൂടെ ഞാൻ നടന്നു നീങ്ങി
വിജയമെന്ന പടിവാതിലിലേക്ക്

ഫാത്തിമ.കെ.എൻ
IX. A

# കിട്ടുവിന്റെ പുസ്തകം



അലസനായ മുയൽകുട്ടനാണ് കിട്ടു.അവൻ പാഠപുസ്തകം വൃത്തിയായി സൂക്ഷിക്കുകയോ അടക്കിവെക്കുകയോ ചെയ്യില്ല.സ്കൂളിൽ നിന്ന് വന്നാൽ പുസ്തകമെല്ലാം വലിച്ചെറിഞ്ഞ് കളിക്കുവാനായി ഓടും.ഒരു ദിവസം കിട്ടുവിന്റെ പാഠപുസ്തകത്തിലെ അക്ഷരങ്ങൾക്ക് ദേഷ്യം വന്നു.അവർ എന്തു ചെയ്തെന്നോ...അവർ പുസ്തകത്തിൽ നിന്ന് ഒരൊറ്റയോട്ടം.

അടുത്തദിവസം പരീക്ഷയായിരുന്നു.പഠിക്കാനായി കിട്ടു പുസ്തകം തുറന്നു,കിട്ടു ഞെട്ടിപ്പോയി.അതാ,പുസ്തകത്തിൽ എഴുതാത്ത കടലാസു മാത്രം.അയ്യോ പരീക്ഷയ്ക്ക് ഞാനിനി എന്തു പഠിക്കും....കിട്ടു കരയാൻ തുടങ്ങി.വീടിന്റെ മച്ചിൻ മുകളിൽ ഒളിച്ചിരുന്ന അക്ഷരങ്ങൾ ഇതു

കേട്ടു.അവർക്ക് കിട്ടുവിന്റെ കരച്ചിൽ കേട്ട് പാവം തോന്നി."കിട്ടൂ....നീ എന്നും പുസ്തകങ്ങൾ സൂക്ഷിക്കുമോ?എങ്കിൽ വരാം"ആ അക്ഷരങ്ങൾ പറഞ്ഞു."സത്യമായും ഞാനിനി പുസ്തകങ്ങൾ സൂക്ഷിക്കാം.സ്കൂളിൽ നിന്ന് വന്നാൽ ഞാനിനി പുസ്തകങ്ങൾ അടുക്കി വെക്കാം"കിട്ടു പറഞ്ഞു.അതു കേട്ടപ്പോൾ അക്ഷരങ്ങൾക്കു സന്തോഷമായി.അവർ ഓടി വന്നു.കിട്ടു മുയലിന്റെ പുസ്തകത്തിൽ ഇരുന്നു.കിട്ടു നന്നായി പഠിച്ച് ആ പരീക്ഷയിൽ ഒന്നാമത് എത്തുകയും ചെയ്തു.

സാൻട്രിയ.വി.എ

IX. A

## അഹങ്കാരിക്ക പറ്റിയ പറ്റ്!

ഒരിടത്തൊരിടത്ത് ഒരു അഹങ്കാരിയായ ആന ജിവിച്ചിരുന്നു.ഒരു ദിവസം ആന വെള്ളം കുടിക്കാനായി പുഴയിലേക്ക് പോയി.വഴിക്കുവെച്ച് അവൻ ഒരു മരത്തിൽ കിളിക്കൂട് കണ്ടു.അപ്പോൾ അവിടെ ആ മരത്തിനു താഴെ ഒരു ഉറുമ്പിന്റ കൂട് അവന്റ ശ്രദ്ധയിൽ പെട്ടു. ആ സമയത്താണ് അമ്മക്കിളി തന്റ കൂട്ടിലേക്കു വന്നത്.അവൾ നോക്കിയപ്പോൾ അവളുടെ മുട്ടകൾ പൊട്ടി കിടക്കുന്നു."ഈ അഹങ്കാരിയെ ഒരു പാഠം പഠിപ്പിക്കണം"അമ്മക്കിളി ഉറുമ്പുകളോട് കരഞ്ഞു പറഞ്ഞു.ഉടനെ തന്നെ ഉറുമ്പുകൾ ആനയുടെ തുമ്പിക്കൈയിൽ ആഞ്ഞു കടിക്കാൻ തുടങ്ങി.ആന വേദന സഹിക്കാൻ കഴിയാതെ ഓടി രക്ഷപ്പെട്ടു.

-ഫർഹാന ഫിറോസ്

VIII. A

# അമ്മിണിക്കുട്ടി

അമ്മിണിക്കുട്ടി നാലാം ക്ലാസിലാണ് പഠിക്കുന്നത്.അവളുടെ വീട്ടിൽ ഒരു പ്ലാവുണ്ട്.അവൾ അതിനെ അമ്മച്ചിപ്ലാവ് എന്നാണ് വിളിച്ചിരുന്നത്.ഒരു ദിവസം അമ്മിണിക്കുട്ടി അമ്മച്ചിപ്ലാവിന്റെ ചുവട്ടിലിരുന്ന് കരയുകയാണ്.അമ്മച്ചിപ്ലാവ് ചോദിച്ചു എന്താ നീ ഇങ്ങനെ കരയുന്നേ.അമ്മിണി കുട്ടി പറഞ്ഞു ഞാൻ എന്റെ കൂട്ടുക്കാരുമൊത്ത് കളിച്ചു കൊണ്ടിരിക്കുകയായിരുന്നു.എന്റെ പല്ല് ഇളകി ഇരിക്കുകയായിരുന്നു. അപ്പോൾ പെട്ടെന്ന് പല്ല് പറിഞ്ഞ് ഞാൻ അത് വിഴിങ്ങി പോയി.അപ്പോൾ കൂട്ടുക്കാർ എന്നെ കളിയാക്കി കൊണ്ടു പറഞ്ഞു നിന്റെ വയറ്റിൽ പല്ല് മുളച്ച് മരം വളരുമെന്ന്. അപ്പോൾ അമ്മച്ചി പ്ലാവ് ചിരിച്ചു കൊണ്ടു പറഞ്ഞു "ഇത്രയേ ഉള്ളു അതിനാണോ നീ ഇങ്ങനെ വിഷമിക്കുന്നത്?നീ ചക്കക്കുരു പുഴുങ്ങിയും കറിവച്ചുമൊക്കെ

കഴിക്കാറില്ലേ? എന്നിട്ട് നിന്റ വയറ്റിൽ പ്ലാവ് മുളയ്ക്കാറുണ്ടോ? അങ്ങനെയൊന്നുമില്ല.നിന്റ കൂട്ടുകാർ നിന്നെ പറ്റിക്കാൻ പറഞ്ഞതാണ്.അമ്മിണിക്കുട്ടി ഇത് കേട്ട് ചിരിച്ചു. അമ്മിണിക്കുട്ടി സന്തോഷത്തോടെ വീട്ടിൽ പോയി.




ആഷ്മി സന്തോഷ്
VIII. A

# അഹങ്കാരംമാറി

കാട്ടിലെ ശക്തനാണ് ജില്ലൻ പുലി. വലിയ മൃഗങ്ങ-ൾക്കുവരെ അവനെ പേടിയാണ്. അതുകൊണ്ട് ജില്ലന് വലിയ അഹങ്കാരമാണ്.

ഒരു ദിവസം കാട്ടിലെ മൃഗങ്ങളെല്ലാം ഒരു ഗുഹയിൽ യോഗം ചേർന്നു. അക്കൂട്ടത്തിൽ ജില്ല-നും ഉണ്ടായിരുന്നു. പെട്ടെന്ന് അവിടെ ഉരുൾപൊട്ടൽ ഉണ്ടായി. പാറക്കല്ലുകൾ ഉരുണ്ടുവന്നു. അതിൽ വലി-യൊരു കല്ല് മൃഗങ്ങൾ യോഗം ചേർന്ന കവാടത്തിൽ കുടുങ്ങി. പേടിതോന്നിയെങ്കിലും മൃഗങ്ങളെല്ലാം സമാ-ധാനിച്ചു. ശക്തനായ ജില്ലൻ പുലിയല്ലേ നമുക്കൊപ്പ-മുള്ളത് ജില്ലൻ ആ വലിയ കല്ല് തള്ളി മാറ്റി തങ്ങളെ രക്ഷിക്കുമെന്ന് അവർ കരുതി. എന്നാൽ ജില്ലന് ആ കല്ല് അനക്കാൻ പോലും കഴിഞ്ഞില്ല. ഇനി എന്തു

ചെയ്യും? എല്ലാവരും സങ്കടത്തിലായി. അപ്പോൾ ചിട്ടുത്തേനീച്ച പറഞ്ഞു: “ധിമ്മനാന ഈ യോഗ-ത്തിൽ വന്നിട്ടില്ല. ഞാൻ ചെന്ന് ധിമ്മനെ വിളിച്ച കൊണ്ടു വരാം". കുഞ്ഞനല്ലേ ചിട്ടുത്തേനീച്ച? അവൻ ഗുഹയുടെ ചെറിയ ദ്വാരത്തിലൂടെ പുറത്തു കടന്നു. എന്നിട്ട് വേഗം ചെന്ന് ധിമ്മനാനയോട് കാര്യം പറഞ്ഞു. വൈകാതെ ധിമ്മൻ വന്ന് ഗുഹ-യിൽ നിന്ന് ആ വലിയ കല്ല് തള്ളിമാറ്റി. എല്ലാവരും പുറത്തെത്തി. ജില്ലനെക്കാളും ശക്തിയും ബുദ്ധിയും ഉള്ളവരും കാട്ടിലുണ്ടെന്ന് മൃഗങ്ങൾക്കെല്ലാം മനസ്സി-ലായി. അതോടെ ജില്ലന്റ അഹങ്കാരവും മാറി.

-മരിയ ക്ലാര

IX. C

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നലു വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതു മഴയിൽ ഇതളു പൊഴിക്കല്ലേ
ഒരിതളും നീ പെഴിക്കല്ലേ
പൂവേ പൂവേ കൊഴിയല്ലേ

പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ
വെള്ളിനിലാവിലലിഞ്ഞീ പുഞ്ചിരി മായിക്കല്ലേ
പൂവണ്ടിൻ പ്രണയം പൊള്ളാണേ.......
അത് , പൂന്തേനുണ്ണാനണയുവതാണേ
പൂവേ പൂവേ കൊഴിയല്ലേ
നിന്നെ കാണാനെന്നും കൊതിയാണേ....
എനിക്കു നിന്നെ കാണാനെന്നും കൊതിയാണേ...
പൂവേ പൂവേ കൊഴിയല്ലേ...

-ഷിഫ്ന
IX. C

# ഓണം

ഓണം വന്നു തിരുവോണം
കേരളനാടിൻ പൊന്നോണം
പൂവിളി കേൾക്കും തിരുവോണം
മാബലിയെത്തും തിരുവോണം
മാമല നാടിനു പൊന്നോണം
ഊഞ്ഞാലാടിപ്പാടി രസിക്കും
മലയാളത്തിൻ തിരുവോണം
ഓണക്കറികൾ പലതുണ്ടേ
പയ്യെപ്പയ്യെ വിളമ്പാം ഞാൻ
പരിപ്പു പപ്പടം ഉപ്പേരി
പച്ചടി കിച്ചടി സാമ്പാറ്
ഓലൻ കാളൻ പുളിയിഞ്ചി
രസവും മോരും അച്ചാറും
അടയും പഴവും പായസവും
ഓണസദ്യ കെങ്കേമം

- സിത്താര പർവീൻ കെ.എസ്
IX. C

# അമ്മയും കുഞ്ഞും

ധനുമാസക്കാലത്തെ
കുളിർക്കാറ്റുപോലെയെന്റെ
സ്പർശത്താൽ തലോടും പോലെ
എനിക്കെന്നുമെന്റെ ഉൾക്കാഴ്ച്ചകളിൽ
ഓടിക്കളിക്കുന്ന നിന്റെ
പിഞ്ചു കാലടി ഞാനൊ
രുപാട് കണ്ടിരുന്നു
ഒരുവേള നിന്റെ കിളികൊഞ്ചൽ
എന്റെ കാതിൽ മുഴങ്ങുമ്പോൾ
തിരിഞ്ഞു ഞാനെവിടെ നീയെന്ന
മതിയായില്ലേ എന്റെ കൺമണി
ക്കെന്നെ ഇവ്വിധം കളിപ്പിച്ചതിനെയും
എന്ന് ചോദിക്കാനാഞ്ഞു പിന്നെയും
നിനക്കായി തപസ്സിക്കുമെന്നകക്കണ്ണിൽ
നിന്നെ കാണാനായി ശ്രമിക്കുന്നു.....

ഷാലിമ ജോസ്


ENGLISH

# PROVERB

- No pain no gain.
- Many a mickle makes a Muckle.
- It make two to make a quarrel.
- Truth prevails.
- Knowledge is power.
- A close enemy is better than a friend.
- Health is wealth.
- Union is strength.
- Where there is a will there is a way.
- To rest is to rust.
- Have God have all.
- Needs are answered.
- Slow and steady win the race

ANJANA

IX. E

# WAY TO BE

Everybody's overthinking talking
What they think
Their opinion common strong but
I lose them in a blink
They say I'm not good enough
There not someone I can trust
Cause I know I'm good enough
In my heart
But you where born to be free
So be who you want to be
Cause you are you are
Your perfect imperfectly perfect
You are perfect and you know
You worth it
Embrace yourself not negativity
Your unique and that's the
**way to be**

Abirami S. R
IX D

# **Sophie**

Sophie was a little girl
Afraid of the big wild world
She grew up within her castle walls
Now and then she tried to run
And then on the night with the setting sun
She went in the woods away
So afraid all above...
They warned her don't go there
There's creatures hiding in the dark
Then something came creeping it told her
Don't you worry, just follow every where I go
Top over the mountains
Or valley low give you everything
You being dreaming of
Just let me in .

Lydia Tom
IX. B

# INSPIRATIONAL PERSONS

- **OPRAH WINFREY**

Noted as one of the most influential women in the world and a multi-billionaire, Oprah has certainly done well for herself.

With her success on the Oprah Winfrey show, autobiographies, radio shows and involvement in the weight loss industry it's hard to imagine her life was anything but perfect.

But she had plenty of overcome as a young child. She was born to a poor single mother, lived in poverty, and was sexually abused on multiple occasions.

**"SURROUND YOURSELF WITH PEOPLE WHO ARE GOING TO LIFT YOU HIGHER"**

**-OPRAH WINFREY**



# • STEPHEN KING

Most of us know Stephen King as the twisted writer who almost always sets his horror stories in Maine.

To date, he has produced and sold upwards of 350M copies of his novel. But being an author is not always easy because it comes with a lot of competitions. Unbelievably, King's first novel was rejected 30 times before a firm would publish it. He even threw the book in the bin, giving up.

Luckily, for us his wife fished it out of the bin and the rest is history.

**"EITHER GET BUSY LIVING OR GET BUSY DYING"**

**-STEPHEN KING**



## • J. K ROWLING

The British natives success is no secret to anyone, whether you are fan of 'Harry Potter' not. The Harry Potter empire is valved at about $15 billion.

What many people don't know about Rowling is that she went through a very tough time just to prior to the advent of her books.

She married, suffered abuse, then divorced her husband.

What's more, the first 'Harry Potter' book by all of the major British publishing houses. Once finally said yes, the franchise took of immediately.

**"IF DOES NOT DO TO DWELL ON DREAMS AND FORGET TO LIVE"**

**-J. K Rowling**



- **BILL GATES**

He's best know for Microsoft and being incredibly wealthy because of it.

Despite his aptitude for business and incredible intellect, his first business venture failed.

This venture also technology related, wouldn't even operate during a presentation to potential buyers.

Thank goodness Bill didn't give up after his initial failure, or all of our lives would probably look a lot different right now.

**"LIFE IS NOT FAIR, JUST GET USED TO IT"**

-BILL GATES



## • BETHANY HAMILTON

Bethany Hamilton is an extremely talented professional surfer who won her division of the NSSA National Championship.

She had a near death experience at 13 years old when her left arm was bitten completely off by a shark.

For those in the sporting realm looking for some inspiration, look no further than this truly brave soul who was back on the surfboard only a month later.

**"COURAGE MEANS YOU DON'T LET FEAR STOP YOURSELF"**

**-BETHANY HAMILTON**



# FUN WITH RIDDLES

- What city has no people?
- What has one head, one foot and four legs?
- What has 12 faces and 42 eyes?
- What time starts and stops with an ‘n’?
- Who are people you see everyday, but you don’t know?
- What has one foot and no legs and carries it’s house?
- Can you write ‘cow’ using thirteen letters?
- What moves without seeing and cries without eyes?
- How to you spell hard water with only three letters?
- What kind of fish chases a mouse?
- What pulls you down and never let go?
- What fruit do you find in the sea?

# The Wonder

Nature! Nature! So bush and green
The wonder of wonder anyone has seen
So cool calm and full of life
Make us forget at our strife

Think of a forest full of trees
Fluttering and dancing in the breeze
Cut then down and construct towers
Wait for ages to get a shower

The birds that soar high in the sky
Can we imitate them however hard we try
Learn to wonder and grape at things
All see the happiness it brings



Leni Angel
IX B

# What I Am...

Why do you stare at me?
What makes you think I am odd?
My words are what I speak from my heart.
Why should I follow your rules to think it?
My words make my world a free world
Where thoughts grow like green grass
And fly high like birds never ever caged.
My face washed with winds, eyes filled with stars
I fear not what are think.
I care not how others feel.
I walk straight, following my dreams to get them, just a football away.

Aayisha Simrin Iqbal
IX B

# Little Boy Blue

Little Boy Blue,
Come blow your horn!
The sheep's in the meadow,
The cow's in the corn
But where is the boy
who looks after the sheep?
He's under the haystack
Fast asleep.

Sumayya
X. C

# Somebody Mother

The woman was old, and ragged,
and grey and bent with the
chill of winter's day.
The street was wet with the
recent snow and the woman's
feet were aged and slow.
She stood at the crossing and
waiting long alone, unscared for
amid the strong.
Humans beings who passed her by
nor needed the glance of her anxious eye.
Down the street, with laughter and shout,
Glad in the freedom of school let out.
Come the boys like a flock of sheep
Hailing the snow pulled white and sleep,
past the woman so old and grey,
has turned the children on their way.



Sumayya P.S
IX.B

# Love

Did you know what is love? Did you hear about Romeo and Juliet, Juliet is the second love of Romeo. He had already enjoyed his first love. Did you heard about Shajahan and Mumtaz, Mumtaz is the seventh wife of Shajahan. These are not real love, Did you want to know. **Jesus** shows the real to us. He gave us his own life.

Aneena Antony

X. B

# Splendour of Nature


Nature so beautiful to see
With tiny little buzzing bees.
There are huge beasts like the
elephant so grand
And friendly dogs lend you a hand
The fireflies at the night give a
wonderful glow.
And a baby deer make a
fantastic show
After the rain the plants shine
and the grandfather trees
Enjoy their dreams
Nature is so beautiful to see.

Athulya
IX. D

# My Father

My father is a man like no other . He behind in me, protected me, shouted at me , strengthened me, but most of all he loved me. Unconditionally. They aren’t enough words to describe my father. It takes a special man to be a **Father** and a **Dad.**


Priya George
IX.B




# Art is fun!



സാഹിത്യ...
പഞ്ജിക...
X·E












Exploring abilities


വരാനിരിക്കുന്ന വേനലിനെ തടയാം.
വൃക്ഷങ്ങളെ നട്ട് പിടിപ്പിക്കുക.
കാടുകളെ നശിപ്പിക്കാതിരിക്കുക.




IX.B


By Jain Nayana



# SCHOOL EVENTS

# കുർബാന





# ചിത്രരചനാമത്സരം



# ഓണാഘോഷം















ശുഭം